**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2762** **28-02-2023 - ൽ മറുപടിയ്ക്ക്**

**ട്രേസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ എത്ര പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കാണ് ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ട്രേസ് പദ്ധതിയുടെ ഭാഗമായി രണ്ട് അക്രഡിറ്റഡ് എഞ്ചിനീയർമാർക്കും, മൂന്ന് ഓവർസീയർമാർക്കും, ഒരു കമ്മ്യൂണിറ്റി സോഷ്യൽ വർക്കർക്കും പരിശീലനം നൽകിവരുന്നു.<br><br>പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലക്ക് അനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്.<br><br>വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നതാണ്. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാതു മേഖലകളിൽ അനിവാര്യമായ നൈപുണികൾ കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നു. |

സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

നിലവിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽ നിന്നും 500 എഞ്ചിനിയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികൾക്ക് മാനേജ്മെന്റ് ട്രെയിനി/ അപ്രന്റീസ് ക്ലർക്കുമാരായും, 2399 പേർക്ക് പ്രമോട്ടർമാരായും നിയമനം നൽകിയിട്ടുണ്ട്. ഇതിന് പുറമേ 18 നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ സെൽ കോർഡിനേറ്റർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ, പട്ടികജാതി-പട്ടികവർഗ്ഗക്കാരായ 94 നിയമബിരുദധാരികളെ ഗവ. പ്ലീഡർമാർ, സീനിയർ അഡ്വക്കേറ്റ്മാർ എന്നിവർക്ക് കീഴിൽ ഹോണറേറിയത്തോടു കൂടി രണ്ട് വർഷക്കാലയളവിലേക്ക് പരിശീലനത്തിനായി നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതി യുവാക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ, തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുന്നതുവഴി പ്ലേസ്മെന്റ് മുഖേന സ്ഥിരശമ്പളത്തോടുകൂടി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ചുമതല ജില്ലാ പട്ടികജാതി/പട്ടികവർഗ വികസന ഓഫീസർമാർക്കാണ്. |
| (ബി) | ട്രേസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം തൊഴിൽ മേഖലയിലാണ് പരിശീലനം നൽകുന്നതെന്നും, ഇതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ; | (ബി) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ട്രേസ് പദ്ധതിയുടെ ഭാഗമായി രണ്ട് അക്രഡിറ്റഡ് എഞ്ചിനീയർമാർക്കും, മൂന്ന് ഓവർസീയർമാർക്കും, ഒരു കമ്മ്യൂണിറ്റി സോഷ്യൽ വർക്കർക്കും പരിശീലനം നൽകിവരുന്നു.<br><br>പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലക്ക് അനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്.<br><br>വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നതാണ്. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാതു മേഖലകളിൽ അനിവാര്യമായ നൈപുണികൾ കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നു. |

സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

നിലവിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽ നിന്നും 500 എഞ്ചിനിയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികൾക്ക് മാനേജ്മെന്റ് ട്രെയിനി/ അപ്രന്റീസ് ക്ലർക്കുമാരായും, 2399 പേർക്ക് പ്രമോട്ടർമാരായും നിയമനം നൽകിയിട്ടുണ്ട്. ഇതിന് പുറമേ 18 നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ സെൽ കോർഡിനേറ്റർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ, പട്ടികജാതി-പട്ടികവർഗ്ഗക്കാരായ 94 നിയമബിരുദധാരികളെ ഗവ. പ്ലീഡർമാർ, സീനിയർ അഡ്വക്കേറ്റ്മാർ എന്നിവർക്ക് കീഴിൽ ഹോണറേറിയത്തോടു കൂടി രണ്ട് വർഷക്കാലയളവിലേക്ക് പരിശീലനത്തിനായി നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതി യുവാക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ, തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുന്നതുവഴി പ്ലേസ്മെന്റ് മുഖേന സ്ഥിരശമ്പളത്തോടുകൂടി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ചുമതല ജില്ലാ പട്ടികജാതി/പട്ടികവർഗ വികസന ഓഫീസർമാർക്കാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യക്തമാക്കുമോ; പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലയുള്ള ജില്ലാതല ഓഫീസർ ആരാണ് എന്ന് വ്യക്തമാക്കുമോ? | (സി) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ട്രേസ് പദ്ധതിയുടെ ഭാഗമായി രണ്ട് അക്രഡിറ്റഡ് എഞ്ചിനീയർമാർക്കും, മൂന്ന് ഓവർസീയർമാർക്കും, ഒരു കമ്മ്യൂണിറ്റി സോഷ്യൽ വർക്കർക്കും പരിശീലനം നൽകിവരുന്നു.<br><br>പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലക്ക് അനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്.<br><br>വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നതാണ്. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാതു മേഖലകളിൽ അനിവാര്യമായ നൈപുണികൾ കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നു. |

സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

നിലവിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽ നിന്നും 500 എഞ്ചിനിയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികൾക്ക് മാനേജ്മെന്റ് ട്രെയിനി/ അപ്രന്റീസ് ക്ലർക്കുമാരായും, 2399 പേർക്ക് പ്രമോട്ടർമാരായും നിയമനം നൽകിയിട്ടുണ്ട്. ഇതിന് പുറമേ 18 നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ സെൽ കോർഡിനേറ്റർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ, പട്ടികജാതി-പട്ടികവർഗ്ഗക്കാരായ 94 നിയമബിരുദധാരികളെ ഗവ. പ്ലീഡർമാർ, സീനിയർ അഡ്വക്കേറ്റ്മാർ എന്നിവർക്ക് കീഴിൽ ഹോണറേറിയത്തോടു കൂടി രണ്ട് വർഷക്കാലയളവിലേക്ക് പരിശീലനത്തിനായി നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതി യുവാക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ, തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുന്നതുവഴി പ്ലേസ്മെന്റ് മുഖേന സ്ഥിരശമ്പളത്തോടുകൂടി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ചുമതല ജില്ലാ പട്ടികജാതി/പട്ടികവർഗ വികസന ഓഫീസർമാർക്കാണ്. |

സെക്ഷൻ ഓഫീസർ